II ഇ.ബി. XII കേരള നിയമസഭ/ VIII- 3

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂൺ 25, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

7(*61)&(*84) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) നൽകിയ മറുപടിയിൽ, വാഹനങ്ങളുടെ അമിതവേഗത കാരണം വർദ്ധിച്ചുവരുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അമിത വേഗത നിയന്ത്രിക്കാനുള്ള സ്പീഡ് റഡാറുകളും ഇന്റർസെപ്റ്ററുകളും സ്പീഡ് ചെക്ക് പോസ്റ്റുകളും ചിലയിടങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുവാൻ നടപടിയെടുത്തുവരുന്നു; അവയിൽ പകുതിയോളം പ്രവർത്തനക്ഷമമാക്കി കഴിഞ്ഞിട്ടുമുണ്ട്. വാഹനങ്ങളുടെ അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി കർശനമായ വാഹന പരിശോധന നടത്തുന്നുണ്ട്. ജംഗ്ഷനുകളിലും മറ്റും സ്റ്റോപ്പ് ആന്റ് പ്രൊസീഡ് ബോർഡുകളും ട്രാഫിക് കോളർ കോൺസുകളും ഡിവൈഡറുകളും സ്പീഡ് ബാരിയറുകളും സ്ഥാപിച്ച് അമിത വേഗത നിയന്ത്രിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ

ട്രാഫിക് എൻഫോഴ്സ്മെന്റ് രൂപീകരിച്ച് വാഹനങ്ങളുടെ അമിത വേഗത തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹെവി ഡ്യൂട്ടി വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. അമിത വേഗതയിൽ വാഹനമോടിച്ച് അപകടങ്ങളുണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെയുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കുറ്റക്കാരെന്ന് കണ്ടുപിടിക്കപ്പെടുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ കുറ്റമറ്റതായ ചെക്കിംഗിന് സഹായകമാകുന്ന റഡാർ സർവെയിലൻസ് സിസ്റ്റം വാങ്ങുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007 പ്രകാരം രൂപീകരിച്ച കേരളാ റോഡ് സുരക്ഷാ അതോറിറ്റി, 2008 ജനുവരി 1-ന് പ്രവർത്തനം ആരംഭിച്ചു. വാഹന പരിശോധന കർശനമാക്കുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും പോലീസ് വകുപ്പിനും മോട്ടോർ വാഹന വകുപ്പിനും അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷ സംബന്ധിച്ച് വിവിധ വകുപ്പുകൾ സമർപ്പിച്ച പ്രവർത്തന പരിപാടികളും കെ.എസ്.ടി.പി ഇക്കാര്യത്തിൽ നടത്തിയ പഠനത്തിലെ ശുപാർശകൾ വിലയിരുത്തുവാനും പ്രാധാന്യമനുസരിച്ച് ഈ വിഷയം നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾ അടിയന്തിരമായി ശുപാർശ ചെയ്യുവാനും റോഡ് സുരക്ഷാ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ അതോറിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയും അതിന്റെ കീഴിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗങ്ങൾ ചേരുകയും റോഡ് സുരക്ഷ സംബന്ധിച്ച വിവിധ പരിപാടികൾ നടപ്പിലാക്കു

ന്നതിനെക്കുറിച്ചുള്ള വസ്തുതകൾ ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയും ചെയ്തുവരുന്നു. കൂടാതെ, ജില്ലാതല റോഡ് സുരക്ഷ സംബന്ധിച്ച പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുന്നതുസംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. പദ്ധതി ചെലവുകൾക്കാവശ്യമായ സുരക്ഷാ ഫണ്ടിലേയ്ക്കുള്ള ഒറ്റത്തവണ സെസ്സ് 01.01.2008 മുതൽ ഈടാക്കിത്തുടങ്ങി. പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് അവയ്ക്കാവശ്യമായ തുക നൽകുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഈ തുക അപകടങ്ങൾ കുറയ്ക്കാനുള്ള നടപടികൾക്ക് വിനിയോഗിക്കണമെന്ന നയപരമായ തീരുമാനമാണ് അതോറിറ്റി എടുത്തിരിക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിനെയും പോലീസ് ഡിപ്പാർട്ട്മെന്റിനെയും ഏകോപിപ്പിച്ചുകൊണ്ട് ഡിവൈഡറുകളും സ്പീഡ് ബാരിയറുകളും സ്ഥാപിക്കുന്നുണ്ട്. ഈ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനുള്ള ചുമതലയാണ് റോഡ് സേഫ്റ്റി അതോറിറ്റിക്കുള്ളത്. അപകടങ്ങൾ കൂടുതൽ നടക്കുന്ന സ്ഥലത്ത് സാങ്കേതിക പരിശോധന നടത്തി മാത്രമേ ഡിവൈഡറുകളും സൈൻ ബോർഡുകളും സ്ഥാപിക്കാവൂ എന്നാണ് പൊതുനിർദ്ദേശമുള്ളത്. ഡ്രൈവിംഗ് ടെസ്റ്റ് കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതുപോലുള്ള ആട്ടോമാറ്റിക് ഡ്രൈവിംഗ് ടെസ്റ്റുകൾ ഇവിടേയും നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ഇതിനായി കൂടുതൽ കൊടുക്കാനും വാഹനമോടിക്കാൻ മികവ്

നേടിയവർക്ക് മാത്രം ലൈസൻസ് കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്താനും ആലോചിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ അമിതവേഗത തടയുന്നതിനായി എല്ലാ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണറുകൾ ഘടിപ്പിച്ചിട്ടുണ്ട്. റോഡുസുരക്ഷയും ഇന്ധനക്ഷമതയും വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. 16619 പേർക്ക് ഇതിനോടകം പരിശീലനം നൽകിക്കഴിഞ്ഞു. വാഹനമോടിക്കുമ്പോൾ അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാർക്കായി നിർബന്ധ ട്രെയിനിംഗും കൗൺസിലിംഗും നൽകുന്നുണ്ട്. കൂടാതെ പുതിയതായി നിയമനം നൽകുന്നവർക്കായി നിർബന്ധിത ട്രെയിനിംഗും നടത്തുന്നുണ്ട്. ഇത്തരം നടപടികളിലൂടെ കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ അപകടനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 1-1-2008 മുതൽ 30-4-08 വരെയുള്ള കണക്കുപ്രകാരം 12,953 റോഡപകടങ്ങൾ ഉണ്ടാകുകയും 1312 പേർ മരണപ്പെടുകയും ചെയ്തു. റോഡപകടങ്ങൾ കുറയ്ക്കുന്ന കാര്യത്തിൽ പല വകുപ്പുകൾ ചേർന്ന ഏകോപനപ്രവർത്തനങ്ങളാണ് ആവശ്യമായിട്ടുള്ളത്. അതിനുവേണ്ട ശ്രമങ്ങൾ റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ട്രാഫിക് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനുള്ള നടപടികളിലേയ്ക്ക് നീങ്ങണമെന്ന് ആർ.ടി.ഒ.-മാരുടെ യോഗത്തിൽ നിർദ്ദേശം കൊടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വാഹനങ്ങളുടെ അമിതവേഗത അടക്കമുള്ള കാര്യങ്ങളിൽ കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്. ട്രാഫിക് നിയമലംഘനം നടത്തിയവരെ പിടികൂടിയതിന്റെ ഫലമായി 20 കോടി രൂപ കോംമ്പൗണ്ടിംഗ് ഫീ ആയി മോട്ടോർ വെഹി

ക്കിൾസ് ഡിപ്പാർട്ട്മെന്റ് പിരിച്ചെടുത്തിട്ടുണ്ട്. ട്രാഫിക് അപകടങ്ങൾ കുറയ്ക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റഡാർ, ഇന്റർസെപ്റ്റർ തുടങ്ങിയവ വാങ്ങാനുള്ള കാര്യങ്ങൾക്കാണ് മുൻഗണന കൊടുക്കുന്നത്. വാഹനാപകടങ്ങൾ ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം വാഹനപെരുപ്പമാണ്. ഇതിന് പരിഹാരമായി പൊതുഗതാഗത സമ്പ്രദായം ശക്തിപ്പെടുത്തണമെന്ന നിർദ്ദേശമാണ് സംസ്ഥാന ഗവണ്മെന്റിനുള്ളത്. ഈ നിർദ്ദേശം ദക്ഷിണേന്ത്യൻ ഗതാഗതവകുപ്പുമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ഗവണ്മെന്റ് സമർപ്പിക്കുകയും അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്; അത് കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിക്കുന്നതാണ്. വാഹനങ്ങളുടെ വേഗപരിധിയെ സംബന്ധിച്ച് ജനങ്ങൾക്ക് ഒരു ധാരണ ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു കിലോമീറ്റർ അകലെ നിന്നുപോലും വാഹനങ്ങളുടെ വേഗപരിധി നിയന്ത്രിക്കാനും അത് ടേപ്പ് ചെയ്യാനും വീഡിയോക്യാമറയിൽ പകർത്താനുമുള്ള സംവിധാനം അടങ്ങിയ ഇന്റർസെപ്റ്ററുകളും ഗതാഗതവകുപ്പ് ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. അപകടമുണ്ടാക്കുന്ന വിധത്തിൽ റോഡുസൈഡുകളിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യബോർഡുകൾ, രാഷ്ട്രീയ പാർട്ടികളുടെ കൊടിമരങ്ങൾ എന്നിവ മാറ്റാനുള്ള അധികാരം റോഡ് സേഫ്റ്റി അതോറിറ്റിക്കുണ്ട്. എന്നാൽ ഇക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടികളും മറ്റ് സംഘടനകളുമായി ഒരു ചർച്ച വേണമെന്നുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്. ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നല്ല നിലവാരത്തിലുള്ള റോഡ് ഉണ്ടാകേണ്ടതും ആവശ്യമാണ് എന്ന കാര്യത്തിൽ ഗവണ്മെന്റിന് അഭിപ്രായവ്യത്യാസമില്ല. മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് അന്യസംസ്ഥാനങ്ങളിലുള്ളതുപോലെ തടവുശിക്ഷ നൽകണമോയെന്ന കാര്യം പൊതുവായി ആലോചിച്ച്

തീരുമാനമെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ദേശീയപാതയടക്കം അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രധാനപ്പെട്ട സ്ഥലങ്ങൾ ലൊക്കേറ്റ് ചെയ്ത് അപകടങ്ങൾ നിയന്ത്രിക്കാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ മോട്ടോർ വാഹന വകുപ്പുമായും പോലീസ് വകുപ്പുമായും പൊതുമരാമത്ത് വകുപ്പുമായും ചർച്ച ചെയ്ത് നടപടിയെടുക്കാനാണ് റോഡ് സുരക്ഷാ അതോറിറ്റി ഊന്നൽ നൽകിയിരിക്കുന്നത്. ലൈസൻസില്ലാതെ വാഹനമോടിക്കുന്ന ആളുകളെ കർശനമായ നിയമ നടപടികൾക്ക് വിധേയമാക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്. വാഹനാപകടവുമായി ബന്ധപ്പെട്ട കേസ്സുകളിൽ പലതിലും സാക്ഷികൾ കൂറു മാറുന്നതിനാൽ കുറ്റക്കാർ ശിക്ഷിക്കപ്പെടാതെ പോകുകയാണ്. ഈ കാര്യത്തിൽ കൂട്ടായ ബോധവൽക്കരണവും അപകടം വരുത്തിവയ്ക്കുന്നവർ ശിക്ഷിക്കപ്പെടണമെന്ന ഉറച്ച നിശ്ചയദാർഢ്യവും ഉണ്ടായെങ്കിൽ മാത്രമേ യഥാർത്ഥ കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയുള്ളൂ. അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകേണ്ട കേസ്സുകൾ മന്ത്രിസഭ പരിഗണിച്ച് ധനസഹായം നൽകുന്നുണ്ട്. സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ച പുതിയ വാഹനങ്ങൾ മാത്രമേ കേരളത്തിൽ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ എന്ന വ്യവസ്ഥ കർക്കശമാക്കിയിട്ടുണ്ട്. റോഡപകടങ്ങളുണ്ടാകുമ്പോൾ ഔദ്യോഗിക തലത്തിൽ കൊടുക്കേണ്ട സേവനങ്ങൾ കൊടുക്കുന്നുണ്ടെങ്കിലും എൻ.ജി.ഒ.-മാരുടെ സഹായത്തോടുകൂടി ട്രോമാ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്ന കാര്യം റോഡ് സേഫ്റ്റി അതോറിറ്റിയുടെ പരിഗണനയിലുണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

8 (*62) <u>ത്രിതലപഞ്ചായത്തുകൾ മുഖേന ആരോഗ്യസുരക്ഷാ പദ്ധതി</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ത്രിതലപഞ്ചായത്തുകൾ മുഖേന ആരോഗ്യസുരക്ഷാ പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പുവഴി ആരംഭി ക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നിലവിലില്ലെന്നും എന്നാൽ സംസ്ഥാ നത്തെ ദരിദ്രകുടുംബങ്ങൾക്ക് വിശേഷിച്ചും അസംഘടിതമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലായി 'രാഷ്ട്രീയ സ്വാസ്ത്യാ ബീമാ യോജന' എന്ന പദ്ധതി നടപ്പിലാക്കിവരികയാ ണെന്നും സഭയെ അറിയിച്ചു. ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപി പ്പിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾ വഴി ദരിദ്രകുടുംബങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ബി.പി.എൽ. വിഭാഗത്തിന്റെ വിഹിതമായി 4,79,54,074 രൂപയും എൽ.എസ്.ജി. ഐ. വിഹിതമായി 4,38,44,191 രൂപയും എ.പി.എൽ വിഭാഗത്തിന്റെ വിഹിതമായി 3,62,88,000 രൂപയുമായി ആകെ 9,54,27,065 രൂപ സംഭരിച്ചിട്ടുണ്ട്. ഈ തുക തിരിച്ചു നൽകിയിട്ടില്ല. ഇൻഷ്വറൻസ് കമ്പ നിക്ക് ഗുണഭോക്താക്കളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിഹിത മായി നൽകിയ തുക സർക്കാർ നിർദ്ദേശത്തെ തുർടന്ന് മടക്കി നൽകണമന്ന് ആവശ്യപ്പെടുകയുണ്ടായി. ഇൻഷ്വറൻസ് കമ്പനി 7,69,90,699 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ ബാങ്കേഴ്സ് ചെക്കായി 5-2-2007-ലും

17-4-2008-ലും ലഭ്യമാക്കുകയുണ്ടായി. ഇതിനുപുറമേ 39,456 രൂപ യ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗുണഭോക്താക്കളുടെ പേരുവിവരം വ്യക്തമ ല്ലാത്തതിനാൽ കമ്പനി തുടക്കത്തിൽത്തന്നെ മടക്കി നൽകിയിരുന്നു. ഇതിനു പുറമേ തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സി.ഡി.എസ്സും സമാഹരി ച്ചതും, ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറുന്നതിനായി കുടുംബശ്രീ ജില്ലാമിഷനെ ഏൽപ്പിച്ചിരുന്നതുമായ തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആദ്യമേ തന്നെ മടക്കി നൽകിയിട്ടുണ്ട്. ഈ തുകകൾ പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്ന സാഹചര്യത്തിൽ ഉപയോഗപ്പെടു ത്തുന്നതിനുവേണ്ടി പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് പദ്ധതിയായ ആരോ ഗ്യസുരക്ഷാ പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ വഴി ഇപ്പോൾ നടപ്പിലാക്കു ന്നില്ലായെന്നും എന്നാൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പും തദ്ദേശഭരണ വകുപ്പും സംയുക്തമായി ബി.പി.എൽ/എ.പി.എൽ. കുടുംബങ്ങൾക്കുൾപ്പെടെയുള്ളവർക്കായി ഒരു ഇൻഷ്വറൻസ് സ്കീം തയ്യാ റാക്കി, ക്യാബിനറ്റ് അംഗീകരിച്ച് ടെണ്ടർ വിളിക്കാൻ പോകുകയാണെന്നും ധനകാര്യവകുപ്പുമന്ത്രി ഒരുപചോദ്യത്തിനുത്തരമായി അറിയിച്ചു. സർക്കാർ ചികിൽസാ സംവിധാനം ശക്തിപ്പെടുത്തുക എന്നതാണ് ഈ ഗവണ്മെന്റിന്റെ ഉദ്ദേശ്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യസുരക്ഷാ ഇൻഷ്വ റൻസ് പദ്ധതിക്കായി ഒരു സ്കീം തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റ് മുമ്പാകെ സമർപ്പിച്ചുവെങ്കിലും പദ്ധതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതം നൽകിയില്ലെന്നു മാത്രമല്ല പൊതുമേഖലാസ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പാക്കണമെന്നുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശം പാലിക്കാതെ

സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചതിനാൽ പദ്ധതി പ്രായോഗികമാക്കാൻ കഴിഞ്ഞില്ല. മാത്രമല്ല, ബി.പി.എൽ. വിഭാഗത്തിനുവേണ്ടിയുള്ള ഈ പദ്ധതിയിൽ എ.പി.എൽ. വിഭാഗത്തെ ഉൾപ്പെടുത്തിയതും കേന്ദ്രഗവണ്മെന്റിന് സ്വീകാര്യമായില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാർക്ക് മാത്രമായി ആരോഗ്യവകുപ്പും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി യോജിച്ച് ഒരു സമ്പൂർണ്ണ വൈദ്യസഹായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടെന്നും അതിനായി ഗവണ്മെന്റ് 10 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഒരുപചോദ്യത്തിനുത്തരമായി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി അറിയിച്ചു.

9 (*63) <u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളക്കരാർ</u>.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളക്കരാറിന്റെ കാലാവധി 28-2-2002-ൽ അവസാനിച്ചുവെന്നും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് 1-2-2007-ന് ചർച്ച ആരംഭിച്ചുവെന്നും ഇതിനോടകം ഏഴ് ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ചില അലവൻസുകളെ സംബന്ധിച്ച ചർച്ചകളിൽ മാനേജ്മെന്റുമായി ധാരണയായിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ ചർച്ച പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1-1-2008 മുതൽ പ്രതിമാസം 500 രൂപ ഇടക്കാലാശ്വാസമായി നൽകിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 64 മുതൽ 83 വരെയും 85 മുതൽ 90 വരെയുമുള്ള (26) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 476 മുതൽ 711 വരെയുള്ള ചോദ്യങ്ങളിൽ 144 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)